# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 864 10.06.2019-ൽ മറുപടിക്ക്

**സിനിമ മേഖല പഠിക്കുന്നതിനായി നിയോഗിച്ച സമിതികൾ**

**ചോദ്യം**

**ശ്രീ.കെ.ജെ. മാക്സി**

**മറുപടി**

ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അടൂർ ഗോപാലകൃഷ്ണൻ അദ്ധ്യക്ഷ നായുള്ള സമിതിയുടെ ശിപാർശ യുടെ അടിസ്ഥാനത്തിൽ സിനിമ റഗുലേറ്ററി അതോറിറ്റി രൂപീകരി ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | തീരുമാനിച്ചിട്ടുണ്ട്. സാംസ്കാരിക കാര്യ വകുപ്പിന്റെ ചുമതലയിൽ സിനിമാ റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനായി നിലവിലെ സിനിമാ റഗുലേഷൻ ആക്ടും റൂളും പരിഷ്കരിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിന് 20.01.2018 ലെ സ.ഉ.(സാധാ) നം.30/2018/സാം.കാ.വ, 25.05.2018 ലെ സ.ഉ.(സാധാ) നം. 363/2018/ സാം.കാ.വ. ഉത്തരവുകൾ പ്രകാരം വിദഗ്ധസമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി, ആക്ടിന്റെ കരട് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിശോധനയിലാണ്. |
| (ബി) | സിനിമ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യവും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമിച്ച ജസ്റ്റിസ് കെ.ഹേമ അദ്ധ്യക്ഷ യായ സമിതിയ്ക്ക് കാലാവധി നീട്ടി നൽകിയോ; എങ്കിൽ എന്നുവരെ യെന്നും സമിതി അംഗങ്ങൾ ആരൊക്കെയെന്നും വിശദമാക്കാമോ; | (ബി) | സിനിമ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യവും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമിച്ച ജസ്റ്റിസ് കെ.ഹേമ അദ്ധ്യക്ഷയായ സമിതിയ്ക്ക് കാലാവധി 31.05.2019 വരെയാണ് ദീർഘിപ്പിച്ച് നൽകിയിരുന്നത് ഹൈക്കോടതി ജസ്റ്റിസായി വിരമിച്ച ജസ്റ്റിസ് കെ.ഹേമയാണ് സമിതി അദ്ധ്യക്ഷ. മുൻ പാർലമെന്റ് അംഗവും നടിയുമായ ശ്രീമതി ശാരദ, റിട്ടയേർഡ് പ്രിൻസിപ്പിൽ സെക്രട്ടറിയായ ശ്രീമതി കെ.ബി.വൽസല കുമാരി എന്നിവരാണ് സമിതിയിലെ മറ്റ് അംഗങ്ങൾ. |
| (സി) | പ്രസ്തുത സമിതിയോട് എന്നത്തേയ്ക്ക് റിപ്പോർട്ട് നൽകാനാണ് സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (സി) | 16.11.2017 ലെ സ.ഉ.(സാധാ)നം.661/2017/ സാം.കാ.വ ഉത്തരവ് പ്രകാരം സമിതിക്ക് 6 മാസക്കാലയളവാണ് നിശ്ചയിച്ച നൽകിയിരുന്നത്. സമഗ്രമായ പഠനത്തിന് അധികസമയം ആവശ്യമാണെന്ന് സമിതി അദ്ധ്യക്ഷ യുടെ അഭ്യർത്ഥന പരിഗണിച്ച് 2/07/2018 ലെ സ.ഉ. (സാധാ) 25/2018/സാം.കാ.വ, 19.01.2019 ലെ സ.ഉ. (കൈ) നം.2/2019/സാം.കാ.വ, 14.05.2019 ലെ സ.ഉ. (കൈ നം.12/2019/സാം.കാ.വ എന്നീ ഉത്തരവുകൾ പ്രകാരം 2019 മെയ് 31 വരെയാണ് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ദീർഘിപ്പിച്ച നൽകിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**